REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-08-2024 **സമയം** 12.30 AM

## പ്രധാന വാർത്തകൾ

- വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിതരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളണമെന്ന് ബാങ്കേഴ്സ് സമിതിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.
- ഉരുൾപൊട്ടൽ ദുരന്തം നേരിട്ടവരും വായ്പാ ഗഡു അടയ്ക്കണമെന്ന ബാങ്കുകളുടെ ആവശ്യം ക്രൂരമാണെന്ന് മന്ത്രി MB രാജേഷ്.
- കൊൽക്കത്ത മെഡിക്കൽ കോളജ് സംഭവത്തിൽ ഇടപെടൽ ആവശ്യപ്പെട്ട് പത്മ പുരസ്കാര ജേതാക്കളായ ഡോക്ടർമാർ പ്രധാനമന്ത്രിയ്ക്ക് കത്തയച്ചു.
- സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതെയന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ബാഡ്മിന്റൺ ഏഷ്യാ ജൂനിയർ ചാമ്പ്യൻഷിപ്പ് നാളെ ചൈനയിലെ ചെങ്ഡുവിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിതരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളണമെന്ന് ബാങ്കേഴ്സ് സമിതിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. വായ്പ എഴുതി തള്ളുന്നതിന് റിസർവ് ബാങ്കും നബാർഡും നടപടി സ്വീകരിക്കണമെന്നും യോഗത്തിൽ ഓൺലൈനായി പങ്കെടുത്ത മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. നിലവിൽ വായ്പ എഴുതിത്തള്ളേണ്ട സാഹചര്യമാണ് വയനാട്ടിലേതെന്നും അദ്ദേഹം പറഞ്ഞു. ദുരിതബാധിതരിൽ നിന്നും വായ്പാഗഡു ഈടാക്കിയ കേരളാ ഗ്രാമീൺ ബാങ്കിന്റേത് കമ്പ്യൂട്ടർ സോഫ്റ്റ്-വെയർ മൂലമാണെന്നും അദ്ദേഹം അറിയിച്ചു.

ദുരന്തബാധിതരോട് കേരള ബാങ്കിന്റേത് മാതൃകാ സമീപനമാണെന്നും, ഇത് മറ്റു ബാങ്കുകൾ കൂടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവർ EMI അടയ്ക്കണമെന്ന ബാങ്കുകളുടെ ആവശ്യം കണ്ണിൽ ചോരയില്ലാത്ത നിലാപാടാണെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ഇപ്പോഴത്തെ സാഹചര്യത്തിൽ ബാങ്കുകൾ ഇത്തരം നടപടി സ്വീകരിക്കാൻ പാടില്ലെന്നും ഇതിനെതിരെ ജനങ്ങളിൽ നിന്നുമുണ്ടാകുന്നത് സ്വാഭാവിക പ്രതിഷേധമാണെന്നും അദ്ദേഹം പാലക്കാട്ട് വ്യക്തമാക്കി. ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വയനാട്ടിൽ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്നും MB രാജേഷ് മാധ്യമങ്ങളോടു പറഞ്ഞു.

അതിനിടെ ദുരന്ത ബാധിതർക്ക് നൽകിയ സഹായധനത്തിൽ നിന്ന് EMI ഈടാക്കിയ കേരള ഗ്രാമീൺ ബാങ്കിനെതിരെ വയനാട്ടിലെ കല്പറ്റയിൽ വിവിധ സംഘടനകൾ പ്രതിഷേധ മാർച്ച് നടത്തി. ബാങ്കിന്റെ കല്പറ്റ ശാഖ DYFI പ്രവർത്തകർ ഉപരോധിച്ചു. സംഭവത്തിൽ ഉദ്യോഗസ്ഥർ പരസ്യമായി മാപ്പു പറയണമെന്നും പ്രതിഷേധക്കാർ ആവശ്യപ്പെട്ടു.

അക്കൗണ്ടിൽ നിന്ന് ബാങ്ക് പിടിച്ച തുക മൂന്ന് പേർക്ക് തിരികെ നൽകിയിട്ടുണ്ട്.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് തിരച്ചിൽ തുടരുന്നു. മുണ്ടേരി, ഇരുട്ടുകുത്തി, അമ്പിട്ടാംപ്പൊട്ടി, പനങ്കയം, മച്ചികൈ പ്രദേശത്താണ് ഇന്നലെ തിരച്ചിൽ നടത്തിയത്. പോത്തുകല്ല് പൊലീസ്, MSP സംഘം, DYFI യൂത്ത്ബ്രിഗേഡ്, എമർജൻസി റസ്ക്യൂ ഫോഴ്സ് എന്നിവയുടെ നേതൃത്വത്തിലായിരുന്നു തിരച്ചിൽ.

ദുരന്തവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതിയുടെ യോഗം ദുരന്ത ബാധിതരുടെ പുനരധിവാസം ഉൾപ്പെടെ വിഷയങ്ങൾ ചർച്ച ചെയ്യും. ഇതിന് ശേഷമായിരിക്കും ഗവൺമെന്റിന് റിപ്പോർട്ട് നൽകുന്നത്.

✪✪✪

കൊൽക്കത്തെയിലെ RG കർ മെഡിക്കൽ കോളേജിലെ ജൂനിയർ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ വ്യക്തിപരമായ ഇടപെടൽ ആവശ്യപ്പെട്ട് പത്മ പുരസ്കാര ജോതാക്കളായ 70-ഓളം ഡോക്ടർമാർ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. ഇത്തരം ക്രൂരമായ പ്രവൃത്തികൾ ആതുര സേവന രംഗത്തിന്റെ അടിത്തറ തകർക്കുമെന്നും ഡോക്ടർമാർ കത്തിൽ അറിയിച്ചു. പെൺകുട്ടികൾ പ്രത്യേകിച്ച് സ്ത്രീകൾ

ആരോഗ്യ പരിപാലന വിദഗ്ധർ എന്നിവർക്കെതിരായ അതിക്രമങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഡോക്ടർമാർ പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചു.

✪✪✪

പശ്ചിമബംഗാളിലെ എല്ലാ മെഡിക്കൽ കോളജ് ആശുപത്രികളിലും പരിസരങ്ങളിലും സുരക്ഷ ശക്തമാക്കാൻ ഗവർണർ CV ആനന്ദബോസ് നിർദ്ദേശം നൽകി. RG കർ മെഡിക്കൽ കോളജിലെ ജൂനിയർ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തെ തുടർന്നാണ് ഗവർണറുടെ നടപടി.  വനിതാ ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും മതിയായ സംരക്ഷണം ഉറപ്പാക്കണമെന്ന് ആശുപത്രി അധികൃതരോട് ആനന്ദബോസ് നിർദ്ദേശിച്ചു.

അതിനിടെ RG കർ സംഭവത്തിൽ സുപ്രീംകോടതി സ്വമേധയാ എടുത്ത കേസ് ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നാളെ പരിഗണിച്ചേക്കും.

✪✪✪

കൊൽക്കത്ത സംഭവത്തിൽ കുറ്റവാളികൾക്കെതിരെ കർശന നടപടി ആവശ്യപ്പെട്ട് സംസ്ഥാനത്തെ എല്ലാ കോളേജുകളിലും AKPCTA ഇന്ന് പ്രതിഷേധ ദിനം സംഘടിപ്പിക്കുകയാണ്. വനിതാ കമ്മറ്റിയുടെ നേതൃത്വത്തിലാണ് പരിപാടി.

വെള്ളിയാഴ്ച വൈകിട്ട് ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ ജ്വാല സംഘടിപ്പിക്കുമെന്നും AKPCTA ഭാരവാഹികൾ അറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ  ജനങ്ങൾക്ക് രക്ഷാബന്ധൻ ആശംസകൾ നേർന്നു. സഹോദരങ്ങൾ തമ്മിലെ  സ്നേഹവും പരസ്പര വിശ്വാസവും ശക്തിപ്പെടുത്തുന്നതിന്റെ ആഘോഷമാണ് രക്ഷാ ബന്ധനെന്ന് രാഷ്ട്രപതി ആശംസാ  സന്ദേശത്തിൽ പറഞ്ഞു.

സഹോദരങ്ങൾ തമ്മിൽ പരസ്പരം പിന്തുണയ്ക്കാനും സ്നേഹിക്കാനുമുള്ള പ്രതിബദ്ധതയെ ദിനം സൂചിപ്പിക്കുന്നുവെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

ഈ ദിനം ബന്ധങ്ങളിൽ മാധുര്യവും സന്തോഷവും ഐശ്വര്യവും, ജീവിതത്തിൽ ഭാഗ്യവും കൊണ്ടുവരട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു.

✪✪✪

ധനമന്ത്രി നിർമ്മലാ സീതാരാമന്റെ അധ്യക്ഷതയിൽ പൊതു മേഖലാ ബാങ്കുകളുടെയും റീജിയണൽ റൂറൽ ബാങ്കുകളുടെയും  പ്രവർത്തന അവലോകനം  ന്യൂഡൽഹിയിൽ  ആരംഭിച്ചു. നിക്ഷേപ വളർച്ച, ക്രെഡിറ്റ് -

ഡെപ്പോസിറ്റ് അനുപാതം, ആസ്തി നിലവാരം എന്നിവയാണ് അവലോകനം ചെയ്യുന്നത്. PM ആവാസ് യോജന, PM സൂര്യാഘർ, PM വിശ്വകർമ്മ പദ്ധതികൾ തുടങ്ങിയ ഗവൺമെന്റ് സംരംഭങ്ങൾ നടപ്പിലാക്കുന്ന പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനവും ധനമന്ത്രി വിലയിരുത്തും. പൊതുമേഖലാ ബാങ്കുകളുടെ മാനേജിംഗ് ഡയറക്ടർമാരും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ രാകേഷ് പാലിന്റെ നിര്യാണത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ചെന്നൈയിൽ അനുശോചനം അറിയിച്ചു. മാതൃകാപരമായ നേതൃപാടവവും പ്രൊഫഷണലിസവും ചേർന്ന ഉദ്യോഗസ്ഥനായിരുന്നു രാകേഷ് പാലെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ സമഗ്ര സുരക്ഷയ്ക്ക് രാകേഷ് പാൽ നൽകിയ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടുമെന്ന് അമിത് ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മുൻ കരസേനാ മേധാവി ജനറൽ സുന്ദരരാജൻ പത്മനാഭൻ ചെന്നൈയിലെ വസതിയിൽ രാവിലെ അന്തരിച്ചു. അദ്ദേഹത്തിന് 83 വയസ്സായിരുന്നു. 20-ാമത്തെ കരസേനാ മേധാവിയായിരുന്നു അദ്ദേഹം.

✪✪✪

ജമ്മു കശ്മീർ നിയമസഭാ പൊതുതിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിന് നാളെ വിജ്ഞാപനം പുറപ്പെടുവിക്കും. 24 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ്.

✪✪✪

കേന്ദ്ര സഹമന്ത്രി ഡോ. L മുരുഗൻ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ ആകാശവാണിയടക്കം യൂണിറ്റുകളുടെ പ്രവർത്തനം ചെന്നൈയിൽ അവലോകനം ചെയ്യുകയാണ്. കേരളമുൾപ്പെടെ തെക്കൻ സംസ്ഥാനങ്ങളിലെ മാധ്യമ മേധാവികൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ന് ലോക സംസ്കൃത ദിനം. സംസ്കൃത ഭാഷയെ പ്രോത്സാഹിപ്പിക്കുകയും അതിന്റെ ചരിത്രപരവും സാംസ്കാരികവും ബൗദ്ധികവുമായ മൂല്യം ഉയർത്തികാട്ടുകയും ചെയ്യുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

KSFE ഗാലക്സി ചിട്ടികളുടെ ശാഖാതല ഓണക്കോടി സമ്മാന വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് തിരുവനന്തപുരത്ത് അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ഓണം ഖാദി മേളയ്ക്കും മുഖ്യമന്ത്രി തുടക്കം കുറിക്കും.

✪✪✪

മലയാള സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെതിരെ നടി രഞ്ജിനി നൽകിയ ഹർജി ഹൈക്കോടതി തള്ളി. റിപ്പോർട്ട് പുറത്തുവിടുന്നതിന് മുമ്പ് വിവരങ്ങൾ പരിശോധിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി നൽകിയത്. ഹർജിക്കാരിക്ക് ആവശ്യമെങ്കിൽ സിംഗിൾബെഞ്ചിനെ സമീപിക്കാമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

✪✪✪

ഹേമകമ്മിറ്റി റിപ്പോർട്ട് ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നതാണ് നല്ലതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ജനങ്ങൾക്കു മുന്നിൽ കാര്യങ്ങൾ വ്യക്തമാക്കുന്നതിൽ ഭയപ്പെടേണ്ടതില്ലെന്നാണ് പാർട്ടി നിലപാടെന്ന് അദ്ദേഹം തൃശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

പാലക്കാട്ടെ പാർട്ടി നേതാവും നിലവിൽ KTDC ചെയർമാനുമായ PK ശശിയോട് സ്ഥാനം രാജിവെയ്ക്കാൻ പാർട്ടി ആവശ്യപ്പെട്ടിട്ടില്ലെന്നും, രാജി വെയ്ക്കുന്നുണ്ടെങ്കിൽ അത് വ്യക്തിപരമായ തീരുമാനമാനമാണെന്നും MV ഗോവിന്ദൻ വ്യക്തമാക്കി.

✪✪✪

ഇന്നലെ അന്തരിച്ച കേരളാ ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുൻ ആക്ടിംഗ് ചെയർപേഴ്സണുമായ ജസ്റ്റിസ് V.P മോഹൻ കുമാറിന്റെ മൃതദേഹം വൈകിട്ട് രവിപുരം

ശ്മശാനത്തിൽ സംസ്കരിക്കും. ഇപ്പോൾ പനമ്പിള്ളി നഗറിലെ വീട്ടിൽ ഭൗതിക ശരീരം പൊതുദർശനത്തിനു വെച്ചിരിക്കുകയാണ്.

കല്ലുവാതുക്കൽ മദ്യദുരന്ത അന്വേഷണ കമ്മീഷനായി പ്രവർത്തിച്ച അദ്ദേഹം, നീണ്ടകാലം കർണാടക ഹൈക്കോടതി ജഡ്ജിയുമായിരുന്നു.

✪✪✪

ഈ വർഷത്തെ ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് നാളെ ചൈനയിലെ ചെങ്ഡുവിൽ ആരംഭിക്കും. ഇന്ത്യയിൽ നിന്ന് 39 കായിക താരങ്ങളാണ് ഇത്തവണ മത്സരത്തിൽ പങ്കെടുക്കുന്നത്.

അടുത്തവർഷം ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്.

✪✪✪

ഈ വർഷം ഏപ്രിൽ മുതൽ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് 5,815കോടി രൂപ അനുവദിച്ചതായി മന്ത്രി MB രാജേഷ് അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർഹമായ പരിഗണന ഉറപ്പാക്കിയാണ് LDF ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

പാലക്കാട് ജില്ലാ തദ്ദേശ അദാലത്ത് ആരംഭിച്ചു. കോസ്മോ പൊളിറ്റൻ ക്ലബ് ഹാളിൽ നടത്തുന്ന അദാലത്തിന് മന്ത്രി M.B രാജേഷാണ് നേതൃത്വം നൽകുന്നത്.

✪✪✪

കാഫിർ പോസ്റ്റ് വിവാദത്തിൽ വടകര റൂറൽ SP ഓഫീസിലേക്ക് UDF മാർച്ച് നടത്തി. സംഭവത്തിൽ അന്വേഷണം കാര്യക്ഷമമല്ലെന്നും പ്രതികളെ പിടികൂടണമെന്നും ആവശ്യപ്പെട്ടാണ് മാർച്ച്.

✪✪✪

BJP സംസ്ഥാന നേതൃയോഗം കൊച്ചിയിൽ ആരംഭിച്ചു. രാവിലെ എറണാകുളം B.T.H-ൽ ചേരുന്ന യോഗത്തിൽ സംസ്ഥാന പ്രഭാരി പ്രകാശ് ജാവ്ദേക്കർ, സഹ പ്രഭാരി അപരാജിത സാരംഗി കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യൻ, സുരേഷ് ഗോപി തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഷിരൂർ മണ്ണിടിച്ചിലിൽ കാണാതായ അർജ്ജുനു വേണ്ടി ഗംഗാവലി പുഴയിൽ തെരച്ചിൽ നടത്തിയ ഈശ്വർ മാൽപെ ഇന്ന് കോഴിക്കോട്ടെ അർജുന്റെ

**വീട്ടിലെത്തി കുടുംബാംഗങ്ങളെ കാണും. തെരച്ചിൽ സംബന്ധിച്ച ഇപ്പോഴത്തെ സാഹചര്യം വിശദീകരിക്കാനാണ് മാൽപെ എത്തുന്നത്.**

✪✪✪

**കോഴിക്കോട് വടകരയിൽ ബാങ്ക് ഓഫ് മഹാരാഷ്ട്ര ശാഖയിലെ പണയ സ്വർണ്ണക്രമക്കേടുമായി ബന്ധപ്പെട്ട കേസിൽ മുൻ മാനേജറെ റൂറൽ പോലീസ് കസ്റ്റഡിയിലെടുത്തു. തെലങ്കാനയിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. സംഭവത്തിൽ വടകര പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരികയായിരുന്നു.**

✪✪✪

**കണ്ണൂർ ആറളം ഫാമിൽ കാട്ടാന ശല്യം വീണ്ടും രൂക്ഷമായി. തൂക്ക് വൈദ്യുതവേലി തകർത്തെത്തിയ ആനക്കൂട്ടം ഫാമിലെ ഗോഡൗണിന്റെ സമീപത്തെ തെങ്ങിൻ തോട്ടത്തിലും നഴ്സറിയിലും നാശം വരുത്തി. ഫാമിലെ കാട്ടാന തുരത്തൽ അടിയന്തരമായി പുനരാരംഭിക്കണമെന്ന് ഫാം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആവശ്യപ്പെട്ടു.**

✪✪✪